പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1997 — 07.12.2015-ൽ മറുപടിക്ക്

## കാസർഗോഡ് മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖം എപ്പോഴാണ് ഉദ്ഘാടനം ചെയ്യുക; ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും വൈദ്യുതീകരണ പ്രവൃത്തികളും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ഡിസംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച് ടി പദ്ധതി 2016 ജനുവരി മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ടുകളുടെ സ്ഥാനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതി പുലിമുട്ട് രൂപ കല്പന നടത്തിയ കേന്ദ്ര സർക്കാർ സ്ഥാപനമായ CWPRS-നെ അറിയിക്കുകയും CWPRS-ൽ നിന്നും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പുലിമുട്ടുകൾക്കിടയിൽ മണ്ണടിയുന്നതിന്റെ വിശദാംശങ്ങളും വെള്ളത്തിന്റെ ഒഴുക്ക് സംബന്ധിച്ച വിശദാംശങ്ങളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ ആവശ്യമെങ്കിൽ വരുത്താനുമാണ് അറിയിച്ചിരിക്കുന്നത്. പുലിമുട്ടുകൾക്കിടയിലുള്ള നിലവിലെ അകലം ബോട്ടുകൾ പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നും CWPRS അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ